മുതലപ്പൊഴി, അഴിയാക്കൽ പദ്ധതി

443 [480] ശ്രീ. എം.എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിലെ മൽസ്യത്തൊഴിലാളികളുടെ ചിരകാല സ്വപ്നമായ മുതലപ്പൊഴി, അഴിയാക്കൽ പദ്ധതി ഏതുവരെയായി;

(ബി) ഇതുവരെ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) തീരദേശങ്ങളിൽ കടലാക്രമണം തടയുന്നതിനുള്ള കടൽഭിത്തി നിർമ്മാണ പ്രവർത്തനം എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തീരദേശങ്ങളിൽ കടലാക്രമണം തടയുന്നതിനുള്ള കടൽഭിത്തി നിർമ്മാണപ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ ഈ സാമ്പത്തിക വർഷത്തിലേക്കു 22 ജോലികൾ ബഡ്ജറ്റിൽ ചേർത്തിട്ടുണ്ട്. ഇവയ്ക്കെല്ലാം കൂടി 19,51,200 രൂപ വകയിരുത്തിയിട്ടുണ്ട്. ഇവയിൽ താഴെ പറയുന്ന ജോലികൾ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. വലിയതുറയുടെ തെക്കുഭാഗത്തു അടിസ്ഥാനക്കല്ല് 22 മുതൽ 50 വരെ 2,800 മീറ്റർ നീളത്തിൽ ഒരു കടൽഭിത്തി നിർമ്മിക്കുക.
2. പൂന്തുറയിൽ 1000 മീറ്റർ നീളത്തിൽ അടിസ്ഥാനക്കല്ല് 6 മുതൽ 16 വരെ ഒരു കടലാക്രമണ പ്രതിരോധ ഭിത്തി നിർമ്മിക്കുക
3. പെരുമാതുറയിൽ അടിസ്ഥാനക്കല്ല് 284-നും 287-നും മദ്ധ്യേ കടൽഭിത്തി പുതുക്കി പണിയുക.
4. പെരുമാതുറയിൽ അടിസ്ഥാനക്കല്ല് 259-നും 269-നും മദ്ധ്യേ 1000 മീറ്റർ നീളത്തിൽ ഒരു കടലാക്രമണ പ്രതിരോധഭിത്തി നിർമ്മിക്കുക.
5. പൂന്തുറയിൽ കടലാക്രമണം തടയുന്നതിനു തന്നത്താൻ താഴുന്ന ഷട്ടർ നിർമ്മിക്കുന്നതിന്റെ വടക്കുഭാഗത്തായി അടിസ്ഥാനക്കല്ല് 17 മുതൽ 22 വരെ 500 മീറ്റർ നീളത്തിൽ കടൽഭിത്തി കെട്ടുക.
6. പൂന്തുറയിൽ കടലാക്രമണം തടയുന്നതിനു പൂന്തുറ പൊഴി മുതൽ വടക്കോട്ടു അടിസ്ഥാനക്കല്ല് 0 മുതൽ 6 വരെ 600 മീറ്റർ നീളത്തിൽ കടൽഭിത്തി കെട്ടുക.

മുകളിൽ പറഞ്ഞിരിക്കുന്നതിൽ മൂന്നാമത്തെ ജോലി മിക്കവാറും പൂർത്തിയായി. മറ്റു ജോലികളുടെ പണി വിവിധ കാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly